ചരിത്രാഖ്യായിക

●

**അബ്ദുർറഹ്മാൻ മങ്ങാട്**



# സൈനബ്(റ) - 3
# മോചനദ്രവ്യമായി ആ മാല

**സൈനബ് ഒന്നും പറഞ്ഞില്ല. എല്ലാവർക്കും മനസ്സിലാകുന്ന ഒരു പ്രാപഞ്ചിക സത്യത്തെ, ഏകദൈവവിശ്വാസത്തെ ആശ്ലേഷിക്കുന്നതിന് സാമുദായിക ദുരഭിമാനവും വ്യക്തിതാൽപര്യവും തടസമായി പറയുന്ന ന്യായീകരണം അവൾക്കു മനസ്സിലാകുമായിരുന്നില്ല. സൈനബിന്റെ കണ്ണിലൂടെ രക്തബാഷ്പങ്ങൾ ചാലിട്ടൊഴുകി. എല്ലാ ദുഃഖങ്ങളും ഉടൻ നീങ്ങുമെന്ന് അവൾ ആശ്വസിക്കാൻ ശ്രമിച്ചു. ഉമ്മ അവളെ സമാശ്വസിപ്പിച്ച അതേ ഭാവത്തിൽ.**

**ഉറക്കമില്ലാത്ത** അനേകം രാത്രികൾ, ആവേശവും ആർദ്രതയും വറ്റിയ അനേകം പകലുകൾ കഴിഞ്ഞുപോയി. ദുഃഖസാന്ദ്രമായിരുന്നു സൈനബിന്റെയും അബുൽആസിന്റെയും മനസ്. അവരിരുവരുടെയും സ്നേഹത്തിന് ഉലച്ചിൽ തട്ടിയിരുന്നില്ല. പക്ഷേ, വിശ്വാസത്തിന്റെയും ഗോത്രാഭിമാനത്തിന്റെയും സംഘർഷത്തിൽ ഇരുവരും ഉറച്ചുനിന്നു.

മക്കയിലെ ദിവസങ്ങൾ സംഭവബഹുലങ്ങളായിരുന്നു. രഹസ്യപ്രബോധനം നടത്തുകയായിരുന്ന മുഹമ്മദ് നബിയുടെ സന്ദേശം നിഷ്കളങ്ക ചിത്തരായ അനേകം മനുഷ്യരെ ആകർഷിച്ചു. മുഹമ്മദ് നബിയുടെ അനുയായി വൃന്ദം പതുക്കെയാണെങ്കിലും പെരുകിക്കൊണ്ടിരുന്നു. അവഗണന കൊണ്ടും ആക്ഷേപം കൊണ്ടും ഇസ്‌ലാമിന്റെ മഹാപ്രവാഹ തേജസിനെ തടുക്കാനാവില്ലെന്ന് മനസ്സിലാക്കിയ എതിർപക്ഷം മൃഗീയമായ പീഡനങ്ങൾക്കുള്ള കോപ്പുകൂട്ടി.

മനസ്സിൽ നേർത്ത അന്യതാബോധത്തിന്റെ വിത്തുകൾ വീണുതുടങ്ങിയ നാളുകളിലൊന്നിൽ, ഒരു രാത്രി അബുൽആസ് തന്റെ പ്രിയതമയോടു പറഞ്ഞു: "പടച്ചവനാണ, നിന്റെ ഉപ്പയെക്കുറിച്ച് എനിക്കൊരു തെറ്റിദ്ധാരണയുമില്ല. നിന്നോടൊപ്പം ഒരേ ഗോത്രത്തിൽ താമസിക്കുന്നതിനേക്കാൾ പ്രിയങ്കരമായി എനിക്കു മറ്റൊന്നുമില്ല." അബുൽ ആസ് ഒന്നുനിർത്തി. എന്നിട്ട് കൂടുതൽ ശാന്തനായും ഉറച്ച ശബ്ദത്തിലും പറഞ്ഞു: "പക്ഷേ സൈനബ്, ഭാര്യയെ തൃപ്തിപ്പെടുത്താൻ വേണ്ടി പൂർവപിതാക്കളെ അപമാനിച്ചെന്നും സ്വന്തം ജനതയെ അവഹേളിച്ചുവെന്നും പറയുന്നത് കേൾക്കാൻ എനിക്കാവില്ല. അത്തരമൊരാക്ഷേപം ഞാൻ വെറുക്കുന്നു. എന്റെ മാനസികാവസ്ഥ നിനക്കു മനസ്സിലാകുന്നുണ്ടോ?"

സൈനബ് ഒന്നും പറഞ്ഞില്ല. എല്ലാവർക്കും മനസ്സിലാകുന്ന ഒരു പ്രാപഞ്ചിക സത്യത്തെ, ഏകദൈവവിശ്വാസത്തെ ആശ്ലേഷിക്കുന്നതിന് സാമുദായിക ദുരഭിമാനവും വ്യക്തിതാൽപര്യവും തടസമായി പറയുന്ന ന്യായീകരണം അവൾക്കു മനസ്സിലാകുമായിരുന്നില്ല. അവൾ പിതൃവ്യൻ അബൂത്വാലിബിന്റെ അവസ്ഥയോർത്തു. തന്റെ മക്കളെക്കാളും മുഹമ്മദിനോടായിരുന്നു അദ്ദേഹത്തിനിഷ്ടം. മുഹമ്മദിന്റെ സത്യസന്ധതയിൽ അണുമണിത്തൂക്കം പോലും അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. എന്നിട്ടുമദ്ദേഹം ഭൂരിപക്ഷത്തിന്റെ മതത്തിൽ ഉറച്ചുനിന്നു. ഇതേ വാദമായി

രുന്നു അബൂത്വാലിബും ഉന്നയിച്ചത്. സൈനബിന്റെ കണ്ണിലൂടെ രക്തബാഷ്പങ്ങൾ ചാലിട്ടൊഴുകി. എല്ലാ ദുഃഖങ്ങളും ഉടൻ നീങ്ങുമെന്ന് അവൾ ആശ്വസിക്കാൻ ശ്രമിച്ചു. ഉമ്മ അവളെ സമാശ്വസിപ്പിച്ച അതേ ഭാവത്തിൽ.

പക്ഷേ, സൈനബ് ആശിച്ച നല്ല ദിനങ്ങൾ പെട്ടെന്നൊന്നും വന്നില്ല. ദുഃഖത്തിന്റെ കാർമേഘങ്ങൾ കാലങ്ങളോളം വിടപറയാൻ വിസമ്മതിച്ചുനിന്നു. ഒരുവശത്ത് ഖുറൈശികൾ പ്രവാചകനായ തന്റെ പിതാവിനോടുള്ള ശത്രുതക്ക് നാളേറുന്തോറും മൂർച്ച കൂട്ടിക്കൊണ്ടിരുന്നു. അവർ അദ്ദേഹത്തെ പിൻപറ്റുന്നവരെ നിരന്തരമായി മർദിച്ചു. വീടുകളിൽനിന്ന് ആട്ടിയോടിച്ചു. സമ്പത്തു കവർന്നെടുക്കുകയും മാനഹാനി വരുത്തുകയും ചെയ്തു. ഇതുകൊണ്ടൊന്നും മതിയാകാതെ മക്കയിലെ പ്രബല ഗോത്രങ്ങളായിരുന്ന ബനൂഹാശിമിലെയും ബനുൽ മുത്ത്വലിബിലെയും പ്രമുഖരെ തെരഞ്ഞുപിടിച്ചു മർദിച്ചു. ആ രണ്ട് ഗോത്രങ്ങളും തങ്ങളുടെ വിശ്വാസികളായ അംഗങ്ങളെ ശത്രുക്കൾക്ക് പന്താടാൻ വിട്ടുകൊടുത്തിരുന്നില്ല. അവസാനം, കഅ്ബയിൽ ഖുറൈശി പ്രമുഖരുടെ ഒത്താശയോടെ തൂക്കിയ ബഹിഷ്കരണാഹ്വാനം മൂലം വിശ്വാസികളുടെ ചെറിയ കൂട്ടം പൂർണമായും ഒറ്റപ്പെട്ടു. അങ്ങനെയവർ മക്കയുടെ പുറത്തുള്ള ശിഅബ് അബൂത്വാലിബിലേക്കു താമസം മാറി. നീണ്ട മൂന്നു വർഷക്കാലം കയ്പുനിറഞ്ഞ ആ ഉപരോധം തുടർന്നു.

സൈനബ് പക്ഷേ അങ്ങോട്ടു പോയിരുന്നില്ല. എങ്കിലും അവിടെ കഴിയുന്നവരുടെ വാർത്തകൾ ഓരോ ദിവസവും അവൾക്കു കിട്ടിയിരുന്നു. വേദനയുടെയും സഹനത്തിന്റെയും സ്നേഹനിർഭരമായ വിവരണങ്ങൾ. അവരോരോരുത്തരും മഹത്തായ ഒരാദർശത്തിനുവേണ്ടി അനുഭവിക്കുന്ന പ്രയാസത്തിൽ സ്വയം ദുഃഖിച്ചുകൊണ്ടും പ്രാർഥിച്ചുകൊണ്ടും അനന്തമായ ആ കാത്തിരിപ്പ് നീണ്ടു പോയി. നാളേറെ ചെന്നപ്പോൾ, ബഹിഷ്കരണാഹ്വാനം രേഖപ്പെടുത്തിയ പത്രിക ചിതൽ തിന്നുതീർത്തു. അങ്ങനെ കാലാന്തരേണ ബഹിഷ്കരണവും പൊളിഞ്ഞു. അതുകഴിഞ്ഞ് ആറുമാസം കഴിഞ്ഞപ്പോൾ പ്രവാചക തിരുമേനിയുടെ താങ്ങും തണലുമായിരുന്ന പിതൃവ്യൻ അബൂത്വാലിബ് മരണപ്പെട്ടു. പ്രവാചകന് വല്ലാത്ത ആഘാതമായിരുന്നു അത്. പക്ഷേ, കൂടുതൽ വലിയ വേദനകൾ വ്യക്തിപരമായും സാമൂഹികമായും അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ട ഭാര്യ ഖദീജയുടെ മരണം. സൈനബിന്റെ സ്നേഹനിധിയായ വന്ദ്യമാതാവിന്റെ ഈ ലോകത്തുനിന്നുള്ള യാത്ര പറച്ചിൽ. അബൂത്വാലിബിന്റെ മരണം കഴിഞ്ഞ് മൂന്നാം ദിവസമാണ് ഉമ്മുൽ മുഅ്മിനീൻ ഖദീജ(റ) അവസാനമായി കണ്ണുകളടച്ചത്. അത്രത്തോളം അഗാധമായി സൈനബ് വേദനിച്ച ദിവസങ്ങൾ അവളുടെ ജീവിതത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ചെറുപ്പം തൊട്ടേ ഉറ്റവരുടെ മരണങ്ങൾ കണ്ടുവളർന്ന തന്റെ പിതാവിനെയും രണ്ടു പ്രിയപ്പെട്ടവരുടെ തുടരെയുണ്ടായ മരണങ്ങൾ വേദനിപ്പിക്കുന്നതായി സൈനബ് അറിഞ്ഞു. പക്ഷേ, അദ്ദേഹം കാലിടറുന്ന പ്രകൃതക്കാരനല്ല. എന്നു മാത്രമല്ല, അദ്ദേഹം അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രവാചകനാണ്. എങ്കിലും തന്നെ സ്നേഹിക്കുകയും പിശുക്കില്ലാതെ പരിചരിക്കുകയും ഉദാരമായി ആശ്വസിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്ന മഹതിയായ ഖദീജയുടെ മരണം പ്രവാചകനെയും വേദനിപ്പിച്ചു.

റുഖിയ്യയെയും ഉമ്മുകുൽസുമിനെയും ഫാത്വിമയെയും ആശ്വസിപ്പിക്കുമ്പോഴും സൈനബ് ഉള്ളിൽ കരയുകയായിരുന്നു. വേദനയുടെയും നഷ്ടബോധത്തിന്റെയും ആഴം, ഇനിയെന്തൊക്കെയാണു സംഭവിക്കാനിരിക്കുന്നതെന്ന ആശങ്ക അവളെ വ്യഥിതയും ആകുലചിത്തയുമാക്കി. ഖാസിമും അബ്ദുല്ലയുമുൾപ്പെടെയുള്ള തന്റെ സഹോദരങ്ങളെല്ലാം തന്നിൽനിന്നകന്നുപോവുകയാണെന്നവൾക്കു തോന്നി.

മറുവശത്ത് ഈ രണ്ടു മരണങ്ങളും ശത്രുക്കളെ സന്തോഷിപ്പിച്ചു. നിർജീവമായിക്കിടന്നിരുന്ന അവരുടെ ആഗ്രഹങ്ങൾ സജീവമായി. ചീറ്റിപ്പോയ ഉപരോധത്തെത്തുടർന്ന് ശക്തി കുറഞ്ഞു തുടങ്ങിയിരുന്ന മർദനങ്ങൾ പൂർവാധികം ശക്തിയായി. മർദനങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും രക്ഷനേടുവാനായി നബിയുടെ അനുയായികൾ നിരന്തരം പലായനം ചെയ്തുകൊണ്ടിരുന്നു. അനേകം ഹിജ്റകൾ, മുഹാജിറുകൾ. പ്രവാചകന്റെ പ്രിയതോഴരായിരുന്ന അലിയും അബൂബക്കറുമൊഴിച്ച് തടവിലാക്കപ്പെട്ട ഏതാനും പേർ മാത്രമേ മക്കയിൽ അവശേഷിച്ചിരുന്നുള്ളൂ.

സംഘർഷവും ഏറ്റുമുട്ടലുകളും അതിന്റെ പാരമ്യതയിലെത്തി. മുഹമ്മദിനെ വധിച്ചുകൊണ്ട് മക്കയെ രക്ഷിക്കാനുള്ള ശത്രുക്കളുടെ ഗൂഢാലോചനയെക്കുറിച്ചുള്ള രഹസ്യസംസാരം നാട്ടിലെങ്ങും പ്രചരിച്ചു. തുടർന്നാണ് നബിതിരുമേനി മക്കയിൽനിന്നു മദീനയിലേക്കു ഹിജ്റ പോകാൻ തീരുമാനിച്ചത്. സംഭവബഹുലമായ ആ പലായനത്തിന്റെ വിശദാംശങ്ങളോരോന്നും സൈനബ് അറിയുന്നുണ്ടായിരുന്നു. വീട്ടിൽനിന്നും സ്വന്തം പുതപ്പിൽ അലിയെ കിടത്തി ശത്രുക്കളുടെ കണ്ണുവെട്ടിച്ച് രക്ഷപ്പെട്ട പ്രവാചക തിരുമേനിയെ മദീനയിലേക്കുള്ള വഴിമധ്യേ പിടികൂടി വധിക്കുവാനായി നടത്തുന്ന വമ്പിച്ച തെരച്ചിലുകളെക്കുറിച്ചും പാരിതോഷികപ്രഖ്യാപനത്തെക്കുറിച്ചും മക്കയിൽ നടക്കുന്ന സംസാരങ്ങൾ സൈനബിന്റെ ചെവിയിലുമെത്തിക്കൊണ്ടിരുന്നു. ഉപ്പയോടൊപ്പം കൂട്ടിന് അബൂബക്കറല്ലാതെ മറ്റാരുമില്ലെന്ന അറിവ് അവളെ അസ്വസ്ഥയാക്കി.

സൈനബിന്റെ മനസ്സ് ഭയവിഹ്വലമായിരുന്നു. സംരക്ഷണം അല്ലാഹു സ്വയം ഏറ്റെടുത്ത ദൗത്യമാണ് തന്റെ പിതാവിന്റേതെന്ന് അവളപ്പോൾ അറിഞ്ഞിരുന്നുവോ എന്തോ! അവസാനം, പ്രവാചക തിരുമേനി സുരക്ഷിതമായി യസ്രിബിലെത്തിയെന്നും ആ നഗരം വശ്യമായ ആതിഥ്യത്തിന്റെ സമ്മോഹനശീലുകൾ ഹൃദയംകൊണ്ടുപാടി ആത്മാവിനാൽ ആശ്ലേഷിച്ച് മുത്തുറസൂലിനെ വരവേറ്റുവെന്നും അറിഞ്ഞപ്പോൾ മാത്രം അവൾ സമാധാനത്തിന്റെ പുഞ്ചിരി തൂകി.

ദിവസങ്ങൾക്കുശേഷം ദൂതന്മാർ മക്കയിലെത്തി. അവരുടെകൂടെ ഫാത്വിമയും ഉമ്മുകുൽസൂമും യാത്രയായി. റുഖിയ്യ നേരത്തെ തന്നെ മദീനയിലെത്തിയിരുന്നു. സൈനബ് മാത്രം, മക്കയുടെ അനാഥത്വത്തിൽ ഭർത്താവ് അബുൽ ആസ്വിന്റെ വീട്ടിൽ തനിച്ചായി. അതുവരേക്കും വൈവാഹികബന്ധത്തിന്റെ കാര്യത്തിൽ വിലക്കൊന്നും ഉണ്ടായിരുന്നില്ല.

സൈനബ് ചുറ്റുഭാഗത്തേക്കും കണ്ണോടിച്ചു. മക്കയിൽനിന്നു കുടുംബക്കാരെല്ലാം മാറിക്കഴിഞ്ഞു. ഉപ്പയുടെ ലളിതമെങ്കിലും സുന്ദരമായ വീട് അടഞ്ഞുകിടക്കുന്നു. മറ്റു പലരും പലതും

കൈയേറി. അടഞ്ഞുകിടക്കുന്ന വീടുകൾ നോക്കി ദീർഘനിശ്വാസമയച്ചു കൊണ്ടവൾ സ്വയം ചോദിച്ചു. ഇന്നലെ വരെ തനിക്കു സന്തോഷവും ആഹ്ലാദവും നൽകിയിരുന്നവർ ഇന്നെവിടെ? ഉപ്പയും ഉമ്മയും എവിടെ? റുഖിയ്യയും ഉമ്മുഖുൽസുമും ഫാത്വിമയും എവിടെ? ഖാസിമും അബ്ദുല്ലയും എവിടെ? എല്ലാവരും യാത്ര പറഞ്ഞു കഴിഞ്ഞില്ലേ? ഉമ്മായും രണ്ട് അനിയന്മാരും മടക്കമില്ലാത്ത ലോകത്തേക്ക്... ഉപ്പയും അനിയത്തിമാരും വിദേശത്ത്. ഞാൻ മാത്രം ഇവിടെ ഒറ്റക്ക്....

കഴിഞ്ഞകാല സൗഭാഗ്യങ്ങൾ സൈനബ് ഓർത്തു. മനസ് പൊട്ടിപ്പിളരുന്നതായി തോന്നി. തന്റെ പ്രിയ ഭർത്താവ് അബുൽആസ് പൂർവപിതാക്കളുടെ മതത്തിൽ ഉറച്ചുനിൽക്കുകയാണ്. അദ്ദേഹം കൂടി ഇസ്‌ലാം സ്വീകരിച്ചിരുന്നെങ്കിൽ ഏതു ഭയാനക ദുരന്തവും ഒരുമിച്ചു നേരിടാമായിരുന്നു. ഈ ബന്ധം തകരാതെ കാക്കാമായിരുന്നു. ഉപ്പയിൽനിന്നും സഹോദരന്മാരിൽനിന്നുമകന്ന് ഇവിടെ ഒറ്റക്കു കഴിയേണ്ടി വരില്ലായിരുന്നു.

****   ****   ****

രമ്യതക്കു പകരം സംഘർഷങ്ങളുടെ വഴിയിലൂടെയാണ് കാലം മുന്നേറിയത്. യുദ്ധം നടക്കുമെന്നും അറേബ്യയുടെ മണൽകുന്നുകളിൽ ചോര പടരുമെന്നും സൈനബ് മനസ്സിലാക്കി. ശക്തമായ ഒരു കൊടുങ്കാറ്റിനെക്കുറിച്ച മുന്നറിയിപ്പുകൾ ധാരാളമായി വന്നു കൊണ്ടിരുന്നു. ഇന്ന് തന്റെ പിതാവ് ഖുറൈശികളെ സമർഥമായി കബളിപ്പിച്ചു പലായനം ചെയ്ത പഴയ മുഹമ്മദല്ല. യസ്‌രിബിലദ്ദേഹം പുതിയ രാഷ്ട്രവും ധാരാളം അനുയായികളെയും നേടിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ അനുയായികൾ ശത്രുക്കളുടെ മക്കയിൽനിന്ന് സിറിയയിലേക്കുള്ള പാത ഉപരോധിക്കാനുള്ള അവസരം കാത്തുകഴിയുകയാണ്. അംറുബ്നു ഹള്‌റമിയുടെ നേതൃത്വത്തിലുള്ള ഖുറൈശി വ്യാപാര സംഘത്തെ തടഞ്ഞുകൊണ്ട് ഒരു വിഭാഗം വിജയം വരിച്ചുകഴിഞ്ഞു. ഇബ്നു ഹള്‌റമി കൊല്ലപ്പെട്ടു. തടവുകാരും ചരക്കുകളുമായി മുസ്‌ലിംകൾ മദീനയിൽ മടങ്ങിയെത്തി.

സമ്പത്തോ വേണ്ടത്ര തയാറെടുപ്പുകളോ ഇല്ലാതെ മുഹമ്മദിനോടൊപ്പം വിദേശത്ത് കഴിയുന്ന ഈ ചെറുസംഘ

**സൈനബിന്റെ സ്നേഹനിധിയായ വന്ദ്യമാതാവിന്റെ ഈ ലോകത്തു നിന്നുള്ള യാത്ര പറച്ചിൽ. അബൂത്വാലിബിന്റെ മരണം കഴിഞ്ഞ് മൂന്നാം ദിവസമാണ് ഉമ്മുൽ മുഅ്മിനീൻ ഖദീജ(റ) അവസാനമായി കണ്ണുകളടച്ചത്. അത്രത്തോളം അഗാധമായി സൈനബ് വേദനിച്ച ദിവസങ്ങൾ അവളുടെ ജീവിതത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ചെറുപ്പം തൊട്ടേ ഉറ്റവരുടെ മരണങ്ങൾ കണ്ടുവളർന്ന തന്റെ പിതാവിനെയും രണ്ടു പ്രിയപ്പെട്ടവരുടെ തുടരെയുണ്ടായ മരണങ്ങൾ വേദനിപ്പിക്കുന്നതായി സൈനബ് അറിഞ്ഞു.**

ത്തിന്റെ വീരകൃത്യങ്ങളെക്കുറിച്ച് നിത്യേനയെന്നോണം കേൾക്കുന്ന വാർത്തകൾ വിശ്വസിക്കാനോ തള്ളിക്കളയാനോ കഴിയാതെ മക്കക്കാർ അങ്കലാപ്പിലായിരുന്നു. അബൂസുഫ്‌യാനോടൊപ്പം ശാമിലേക്കു കച്ചവടത്തിനു പോയ ളംളമിന്റെ മടങ്ങിവരവ് അവരെ കൂടുതൽ ആശങ്കയിലാക്കി. മക്കയിലെത്തിയ ഉടനെ അയാൾ തന്റെ വാഹനത്തെ വട്ടംകറക്കുകയും കുപ്പായം വലിച്ചുകീറുകയും ചെയ്തു. എന്നിട്ട് ജനശ്രദ്ധയാകർഷിച്ചശേഷം ആർത്തട്ടഹസിച്ചുകൊണ്ടു പറഞ്ഞു:

"ഖുറൈശികളേ..... അബൂസുഫ്‌യാനോടൊപ്പമുള്ള നിങ്ങളുടെ സമ്പത്ത് മുഹമ്മദും അനുയായികളും കൊള്ളയടിച്ചിരിക്കുന്നു. അതുവീണ്ടെടുക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഉടൻ സഹായിക്കുക..."

നാനാഭാഗത്തുനിന്നും ഈ അട്ടഹാസത്തിന്റെ പ്രതിധ്വനി അവളും കേട്ടു.

ആരോ പറയുന്നതുകേട്ടു, "ഇബ്നുൽ ഹള്‌റമിയെ ചെയ്തതു പോലെ അബൂസുഫ്‌യാനെയും സംഘത്തെയും ചെയ്യാമെന്ന് മുഹമ്മദ് വ്യാമോഹിക്കുന്നുവോ? ഒരിക്കലും അത് സാധ്യമല്ല. ഒരുപാഠം പഠിപ്പിക്കണമവനെ..."

സൈനബിന് കാര്യങ്ങളുടെ പോക്ക് ഏതാണ്ടു പിടികിട്ടി. ഖുറൈശികളും വിശ്വാസികളും തമ്മിൽ ഏറ്റുമുട്ടൽ നടക്കാൻ പോവുകയാണ്. ചരിത്രത്തിലെ അത്യസാധാരണമായ പോരാട്ടമായിരിക്കും അത്. ധർമവും അധർമവും തമ്മിലുള്ള ആ സംഘർഷത്തിൽ മുഹമ്മദ് നബിയും അനുയായികളും ന്യൂനപക്ഷമായിരിക്കും. മക്കയിലെ പ്രതാപികളായ ശത്രുക്കൾ തീർച്ചയായും അതിന്റെ പലമടങ്ങു ശക്തരാണ്. എന്നാൽ, വിശ്വാസത്തിന്റെ കരുത്ത്, അല്ലാഹുവിന്റെ സഹായം തന്റെ പിതാവിനോടൊപ്പമായിരിക്കുമെന്ന് സൈനബിനറിയാം.

പക്ഷേ, അപ്പോഴും അവളുടെ മനസ്സ് വേദനിച്ചു. യുദ്ധത്തിൽ ഒരു ഭാഗത്തുള്ളത് തന്റെ പ്രിയപിതാവായ അല്ലാഹുവിന്റെ പ്രവാചകൻ. മറുഭാഗത്ത് തന്റെ സ്നേഹധനനായ ഭർത്താവ് അബുൽആസ്. തന്റെ മക്കളായ അലിയുടെയും ഉമാമയുടെയും ഉപ്പ. ആ രാത്രി അവൾക്കുറക്കം വന്നില്ല. മക്കയിലെ ഏറ്റവും ദൗർഭാഗ്യവതിയായ പെൺകുട്ടി താനായിരിക്കുമോ എന്നവൾ പേടിച്ചു. ആരു ജയിച്ചാലും നഷ്ടം തനിക്കാണ്.

നിദ്രാരാഹിത്യം കൊണ്ടു ദീർഘിച്ച ആ രാത്രി പുലർന്നു. പൂർണ ആയുധസജ്ജരായ ആയിരം യോദ്ധാക്കളുടെ മദീനായാത്രയെക്കുറിച്ച് അവൾ അറിഞ്ഞു. മദീനയിൽ ഉപ്പയുടെ സൈന്യത്തിൽ എത്രപേരുണ്ടാകും? നൂറോ ഇരുനൂറോ കൂടിയാൽ മുന്നൂറോ പേർ. സമതുലിതമല്ലാത്ത സേനകൾ തമ്മിലുള്ള നിർണായകമായ ഈ പോരാട്ടത്തിൽ സൈനബ് എന്തെല്ലാം കേൾക്കേണ്ടി വരും? അവൾ അലിയും ഉമാമയും കിടക്കുന്ന തൊട്ടിലിനരികിലേക്കു നീങ്ങി. മനസുതകർന്നിരുന്നുവെങ്കിലും ശോകനിർഭരമായ ഈണത്തിലൊരു താരാട്ടുപാടി അവൾ കുട്ടികളെ വീണ്ടും ഉറക്കി. ഏറെ നേരം നിശ്ശബ്ദയായി നിന്ന് അവൾ സ്വയം പറഞ്ഞു: "ഇതുപോലൊരുദിനം പുലർന്നിരുന്നില്ലെങ്കിൽ! ഇന്ന് ഒരുപക്ഷേ എന്റെ മക്കളേ, നിങ്ങളിരുവരും അനാഥർ. അല്ലെങ്കിൽ ഞാൻ അനാഥ...."

സൈനബിന്റെ കൺതടങ്ങളിൽ കണ്ണീർ തളം കെട്ടിനിന്നു. തലക്കു താങ്ങുകൊടുത്ത കൈകൾ താഴ്ത്തിയിട്ട് അവൾ വിധിക്കു കീഴൊതുങ്ങാൻ മനസ്സിനെ പാകപ്പെടുത്തി. ഏതു വാർത്ത സ്വീകരിക്കാനും ഒരുക്കമായിരുന്നു മനസ്സ്.

അവൾ പക്ഷേ, യുദ്ധമുഖത്തു നിന്നും വരുന്ന വാർത്തകൾ അന്വേഷിക്കുകയോ ശേഖരിക്കുകയോ ചെയ്തില്ല. ഏതു കക്ഷിജയിച്ചാലും വ്യക്തിപര

മായി തനിക്കാണ് നഷ്ടം. അനാഥത്വമോ വൈധവ്യമോ തന്റെ വിധി?

പ്രാർഥനയോടെയും ഭീതിയോടെയും കഴിയുമ്പോൾ ഉപ്പായുടെ അമ്മായി ആത്വിഖ ബിൻത് അബ്ദിൽ മുത്ത്വലിബ് ധൃതിയിൽ വന്നു ചോദിച്ചു. "മോളേ, അത്ഭുതപ്പെടുത്തുന്ന വല്ല വാർത്തയും കിട്ടിയോ നിനക്ക്?"

സൈനബ് ഒന്നും പറഞ്ഞില്ല. നിരാശ നിറഞ്ഞ മുഖത്തോടെ അവരെ നോക്കിനിന്നു.

"വളരെ കുറച്ചുപേരേ ഉള്ളൂവെങ്കിലും മുഹമ്മദും കൂട്ടരുമാണ് ജയിച്ചത്. ഖുറൈശികളെ അവർ പരാജയപ്പെടുത്തി," അവർ അറിയിച്ചു.

"ഉപ്പ ജയിച്ചുവെന്നോ? ഇസ്ലാമിന്റെ വെന്നിക്കൊടി ബദറിന്റെ മണൽക്കൂനകൾക്കുമീതെ പാറുന്നുവെന്നോ? സന്തോഷം. അല്ലാഹുവിനു സ്തുതി"– അവളുറക്കെ വിളിച്ചു പറഞ്ഞു. തൊട്ടടുത്ത നിമിഷം അവളോർത്തു. ഭർത്താവ് അബുൽആസ്? അദ്ദേഹത്തിന്റെ അവസ്ഥയെന്താണ്? ഓടിച്ചെന്ന് കുഞ്ഞുങ്ങളെ വാരിപ്പുണർന്ന് സൈനബ് കരയുവാൻ തുടങ്ങി. അപ്പോൾ അമ്മായി പറഞ്ഞു– "മോളേ, കരയരുത്. അബുൽആസ്വിന് അപകടമൊന്നുമില്ല. അവൻ വധിക്കപ്പെട്ടിട്ടില്ല. ഉപ്പയുടെ തടവുകാരുടെ കൂട്ടത്തിലാണെന്നു മാത്രം."

സന്തോഷാശ്രുക്കളോടെ സൈനബ് അമ്മായിയെ കെട്ടിപ്പിടിച്ചു. ആശ്വാസത്തിനായി അവരുടെ മാറിലേക്ക് ചാഞ്ഞു. ഇനിയെന്താണു ചെയ്യേണ്ടത്? പരാജിതസേനയിലെ തടവുകാരെ ഉപ്പ വധിക്കുകയില്ലെന്നുറപ്പാണ്. മോചിപ്പിക്കുന്നതിനുള്ള ഉപാധികൾ എന്തെല്ലാമാണ്? അവൾ ചിന്താകുലയായി.

മക്കയിലാകമാനം വാർത്തകളുടെ പ്രളയമായിരുന്നു. ചുണ്ടുകളും കാതുകളും മാറിമാറി പല വാർത്തകൾ സഞ്ചരിച്ചുകൊണ്ടിരുന്നു. ബദറിലെ വെള്ളത്തടാകത്തിനരികെ ഖുറൈശി നേതാക്കളുടെ മൃതശരീരങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതുകണ്ട് പിന്തിരിഞ്ഞോടിയ പരാജിത സേനയുടെ വാർത്തകൾ അവൾ കേട്ടു. തടവുകാരുടെയെല്ലാം പേരുകൾ പുറത്തുവന്നുകൊണ്ടിരുന്നു. കുടുംബക്കാർ മോചനദ്രവ്യവുമായി ആളുകളെ അയച്ചുകൊണ്ടിരുന്നു.

തീർച്ചയായും വലിയ സമ്പത്തിനുടമയായിരുന്നുവല്ലോ അബുൽ ആസ്. അയാളുടെ കുടുംബം മോചനദ്രവ്യമായി ഉയർന്ന  സമ്പത്ത് പ്രവാചകനു നൽകാൻ തയാറായി. പക്ഷേ സമ്പത്തിനേക്കാൾ അമൂല്യമായ മറ്റൊന്ന് കൊടുക്കാനാണ് സൈനബ് ഉദ്ദേശിച്ചത്.

യുദ്ധവിജയത്തെത്തുടർന്ന് തടവുകാരെ മദീനയിലേക്കു മാറ്റിയിരുന്നു. അൽപസമയം തിരുമേനി തടവുകാരെ സശ്രദ്ധം വീക്ഷിച്ചു. തന്റെ മരുമകൻ അബുൽആസ്വിനെ മാറ്റി നിർത്താൻ കൽപിച്ചു. അങ്ങനെ ബാക്കിയുള്ളവരെയെല്ലാം അനുയായികൾക്കു വീതിച്ചു നൽകിയിട്ട് നിർദേശിച്ചു – "തടവുകാരോട് നല്ലനിലയിൽ മാത്രമേ പെരുമാറാവൂ."

തടവുകാരെ മോചിപ്പിക്കുന്നതിനുള്ള സംഖ്യയുമായി ഖുറൈശി പ്രതിനിധി സംഘം മദീനയിലെത്തി. മോചനദ്രവ്യത്തെച്ചൊല്ലി വിലപേശലുകൾ നടന്നു. അബുൽ ആസിന്റെ സഹോദരൻ അംറുബ്നു റബീഅ് മുന്നോട്ടു വന്ന് തിരുമേനിയോടു പറഞ്ഞു: "എന്റെ സഹോദരനും മുഹമ്മദിന്റെ പുത്രി സൈനബിന്റെ ഭർത്താവുമായ അബുൽആസ്വിനെ മോചിപ്പിക്കാൻ സൈനബ് തന്നയച്ചതാണിത്." ഇതും പറഞ്ഞ് അയാൾ അരയിൽനിന്നും ഒരു കിഴിയെടുത്ത് നബിയുടെ മുമ്പാകെ വെച്ചു. തിരുമേനി പൊതിയഴിച്ചുനോക്കിയപ്പോൾ ഒരു മാല. ആ മാല കൈയിലെടുത്തപ്പോഴേക്കും റസൂലിന്റെ കണ്ണുകൾ നിറഞ്ഞു. മനസ്സലിഞ്ഞു. ഓർമകൾ ചിറകടിച്ച് പഴയ കാലത്തേക്ക് പറന്നു.

സൈനബിന്റെ വിവാഹനാളിൽ അവളുടെ നല്ലവളായ ഉമ്മ, പൊന്നുമോൾ സൈനബിനു പാരിതോഷികമായി കൊടുത്ത മാലയിതാ തന്റെ മുന്നിൽ വന്നിരിക്കുന്നു. യുദ്ധാനന്തരം തടവിലാക്കപ്പെട്ട മരുമകനുള്ള മോചനദ്രവ്യമായി! റസൂൽ വികാരഭരിതനായി. അതുകണ്ട് ആർദ്രചിത്തരായി സ്വഹാബികൾ.

തന്റെ പ്രിയപ്പെട്ടവളുടെ മാല. കാലസഞ്ചാരത്തിൽ വിചിത്രമായ വഴിയിലൂടെ അതു പിന്നെയും തന്റെ കൈയിലെത്തുന്നു. ഇതു സൈനബിനു തന്നെ ധരിക്കാനുള്ളതാണ്. അവൾക്കു വേണ്ടി എന്തുസ്നേഹപൂർവമാണ് ഖദീജ ഇതു സമ്മാനിച്ചത്. പക്ഷേ, ഇതിപ്പോൾ മോചനദ്രവ്യമാണ്.....

അൽപനേരത്തെ ആലോചനക്കുശേഷം വളരെ സൗമ്യമായി നബി(സ) തന്റെ അനുയായികളോടു പറഞ്ഞു: "പ്രിയപ്പെട്ടവരേ, നിങ്ങൾക്കു വിയോജിപ്പില്ലെങ്കിൽ ഈ തടവുകാരനെ വിട്ടയക്കുക. മാലയും അവൾക്ക് മടക്കിക്കൊടുക്കുക." പ്രവാചകൻ ഒന്നു പറഞ്ഞാൽ അവർക്കു മറുവാക്കുണ്ടായിരുന്നില്ല. "അങ്ങനെ ചെയ്യാം റസൂലേ..." ഹൃദയം നിറഞ്ഞ സന്തോഷത്തോടെ അവർ പറഞ്ഞു.

ഉത്കണ്ഠാകുലനായി നിൽക്കുകയായിരുന്ന മരുമകനെ നബിതിരുമേനി അടുത്തേക്കു വിളിച്ചു. അയാൾ തലതാഴ്ത്തി നബിയുടെ സവിധത്തിൽ നിന്നു. മറ്റാരും കേൾക്കാതെ തിരുമേനി അയാളോട് എന്തോ സ്വകാര്യം പറഞ്ഞു. തുടർന്ന് അബുൽആസ് നബിയെ അഭിവാദ്യം ചെയ്ത് നടന്നകന്നു.

അയാൾ ദൂരെയെത്തിയപ്പോൾ ചുറ്റും കൂടിനിന്ന സ്വഹാബികളോട് തിരുമേനി അബുൽആസ്വിനെക്കുറിച്ച് ഏറെ നല്ലകാര്യങ്ങൾ താൽപര്യപൂർവം പറഞ്ഞു. ആ ഭാഷണം അദ്ദേഹം അവസാനിപ്പിച്ചത് ഇങ്ങനെയാണ്– "അല്ലാഹുവാണ. മരുമകൻ എന്ന നിലക്ക് അവനെക്കുറിച്ച് നമുക്കൊരാക്ഷേപവുമില്ല."

(തുടരും)